കെ.എസ്.ഇ.ബി.
ഓഫീസേഴ്സ്
അസോസിയേഷൻ

SUSTAINABLE ENERGY BRIGHTER FUTURE

# Power Quiz 2024

## പ്രാഥമികതല മത്സരം

2024 സെപ്റ്റംബർ 26 വ്യാഴം

ഹയർസെക്കണ്ടറി
കോളേജ് | പോളിടെക്നിക്
ഐ.ടി.ഐ. | ഐ.ടി.സി
എൻജിനീയറിംഗ് കോളേജ്
വിദ്യാർത്ഥികൾക്ക്

## ജില്ലാതല മത്സരം

2024 ഒക്ടോബർ

## സംസ്ഥാനതല മത്സരം

2024 നവംബർ

1 PRIZE

സർ വിശ്വേശ്വരയ്യ ട്രോഫിയും
₹20,000
ക്യാഷ് പ്രൈസും

2 PRIZE

ഡോ. കെ.എൽ. റാവു ട്രോഫിയും
₹10000
ക്യാഷ് പ്രൈസും

SUSTAINABLE ENERGY BRIGHTER FUTURE

ഊർജ്ജമാണ് സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനശിലകളിലൊന്ന്. ഗുണമേന്മയുള്ള വൈദ്യുതി താങ്ങാനാവുന്ന വിലക്ക് സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്കു കൂടി എത്തിക്കാനാകുമ്പോഴാണ് ഒരു ഭരണ സംവിധാനം ജനകീയമാകുന്നത്. എന്നാൽ സാമ്പത്തിക മേഖലയിൽ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി തുടങ്ങിയ 90കൾ മുതൽ മറ്റു പല സേവന മേഖലകളിലെയും പോലെ വൈദ്യുതി മേഖലയിലേക്കും ലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വൻകിട കോർപ്പറേറ്റ് കമ്പനികളുടെ കടന്നുവരവുണ്ടായി. ഇതിനായി പുതിയ നിയമങ്ങളും നിയമ ഭേദഗതികളും സൃഷ്ടിക്കപ്പെട്ടു. വൈദ്യുതി നിയമം 2003ന്റെ അടിസ്ഥാനത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും വൈദ്യുത ബോർഡുകളെ വിഭജിച്ച് കമ്പനികളാക്കി. ലാഭം ഉണ്ടാക്കാവുന്ന മിക്ക പ്രദേശങ്ങളിലും ഈ കമ്പനികളെ സ്വകാര്യവൽക്കരിച്ചു. കമ്പോളവൽക്കരിക്കപ്പെട്ട വൈദ്യുതി മേഖല ഊർജത്തെ ആഡംബര വസ്തുവാക്കി മാറ്റി.

എന്നാൽ സാർവത്രികമായി അംഗീകരിക്കപ്പെട്ട മാനവ വികസന സൂചികകളുടെ അടിസ്ഥാനത്തിൽ സുസ്ഥിര വികസനത്തിന്റെ ഉദാത്ത മാതൃകയായി നീതി ആയോഗ് തെരഞ്ഞെടുത്ത കേരളത്തിൽ അത് അംഗീകരിക്കപ്പെട്ടില്ല. ഇച്ഛാശക്തിയുള്ള ഗവൺമെന്റിന്റെയും വൈദ്യുതി മേഖലയിലെ സംഘടനകളുടെയും പൊതുജനങ്ങളുടെയും ശ്രമഫലമായി KSEB യെ വിഭജിക്കാതെ പൊതുമേഖലയിൽ ഒറ്റ കമ്പനിയായി നിലനിർത്താൻ സാധിച്ചു. വൈദ്യുത പ്രസരണ - വിതരണ നഷ്ടം കുറക്കുന്നതിൽ മുതൽ പുരപ്പുറസൗരോർജ്ജ നിലയങ്ങളുടെ വ്യാപനത്തിലുൾപ്പടെ സുസ്ഥിര ഊർജ്ജ വികസനത്തിന് മാതൃകാപരമായി പ്രവർത്തിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണം ആവിഷ്കരിച്ച് നടപ്പാക്കി രാജ്യത്ത് മാതൃക സൃഷ്ടിച്ചതിനൊപ്പം നാടൊന്നാകെ പ്രകൃതി ദുരന്തങ്ങളെ നേരിടുമ്പോൾ മുന്നിൽ നിന്ന് രക്ഷാപ്രവർത്തനങ്ങൾക്ക് വെളിച്ചമേകുവാൻ കെഎസ്ഇബി ലിമിറ്റഡ് നടത്തിയ പ്രവർത്തനങ്ങൾ വൈദ്യുതി മേഖലയെ പൊതുമേഖലയിൽ നിലനിറുത്തുക എന്നത് എത്രത്തോളം ജനപക്ഷപരമാണ് എന്നു തെളിയിക്കുന്നു.

ഈ സ്ഥാപനത്തിലെ ഓഫീസർമാരിൽ 70% ൽ അധികംപേർ അംഗങ്ങളായിട്ടുള്ള സംഘടനയാണ് കെഎസ്ഇബി ഓഫീസേഴ്സ് അസോസിയേഷൻ. പൊതു സമൂഹവുമായി ഉറ്റബന്ധം പുലർത്തുന്ന സംഘടന എന്ന നിലയിൽ ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട ദേശീയവും പ്രാദേശികവുമായ ചെറു ചലനങ്ങളെ പോലും ജനശ്രദ്ധയിൽ കൊണ്ടുവന്ന് സജീവമായ ചർച്ചാ വിഷയമാക്കുവാൻ സംഘടന എന്നും ശ്രദ്ധിക്കാറുണ്ട്. ജനപക്ഷ നിലപാടുകൾ സ്വീകരിക്കുക വഴി ഊർജ്ജ മേഖലയിൽ സാധാരണക്കാരെ ദോഷകരമായി ബാധിക്കുന്ന നയമാറ്റങ്ങളെ ചെറുക്കുവാനും തിരുത്തിക്കുവാനും സംഘടന എന്നും മുന്നിൽ തന്നെ നിന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പ്രവർത്തനമാ





ണ് രാജ്യത്തെ ഊർജ്ജമേഖലയിലെ ഏറ്റവും വലിയ പ്രശ്നോത്തരിയായ പവർ ക്വിസ്. കഴിഞ്ഞ 30 വർഷങ്ങളായി തുടർച്ചയായി പവർക്വിസിലൂടെ ഈ മേഖലയിലെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് യുവതലമുറയുമായി സംവാദിക്കുവാൻ കെഎസ്ഇബി ഓഫീസേഴ്സ് അസോസിയേഷനു കഴിയുന്നു. വിദ്യാർത്ഥികളിൽ സാമൂഹിക അവബോധവും ശാസ്ത്രാവബോധവും വളർത്തുവാനും വിദ്യാലയവും വ്യവസായവും തമ്മിലുള്ള വിടവ് കുറയ്ക്കുവാനും പവർ ക്വിസിന് സാധിച്ചിട്ടുണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഊർജ്ജ മേഖലയിലെ നൂതന സാങ്കേതിക വിദ്യകളെ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനോടൊപ്പം ഈ വ്യവസായത്തിന്റെ സാമൂഹികപരമായ പ്രതിബദ്ധതയും വിദ്യാർത്ഥി സമൂഹത്തിൽ എത്തിക്കുക എന്ന ലക്ഷ്യം കൂടിയാണ് സംഘടന പവർ ക്വിസ് സംഘടിപ്പിക്കുന്നതിലൂടെ കൈവരിക്കന്നത്. ലാഭം മാത്രം നോക്കിയുള്ള വികസന മാതൃകകളല്ല വ്യവസായങ്ങളുടെ വ്യവസായം എന്നറിയപ്പെടുന്ന ഊർജ്ജമേഖലയ്ക്ക് വേണ്ടത്, മറിച്ച് ശോഭനമായ ഒരു ഭാവി ലക്ഷ്യം വെച്ചുകൊണ്ടുള്ള സുസ്ഥിര വികസന കാഴ്ചപ്പാടാണ് അനിവാര്യം. ഈ ലക്ഷ്യം മുൻനിർത്തി Sustainable Energy, Brighter Future എന്നതാണ് പവർ ക്വിസ് 2024 മുന്നോട്ടു വയ്ക്കുന്ന മുദ്രാവാക്യം.

2024 സെപ്റ്റംബർ 26ന് ഉച്ചയ്ക്ക് ഒരു മണിക്ക് സംസ്ഥാനത്തൊട്ടാകെ തിരഞ്ഞെടുത്ത 1000ൽപരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി നടക്കുന്ന പ്രാഥമിക തല മത്സരത്തോടുകൂടി പവർ ക്വിസ് 20024ന് തുടക്കമാവുകയാണ്. അതിൽ പങ്കെടുക്കാൻ കഴിയാത്ത രാജ്യത്തെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായും പൊതുജനങ്ങൾക്കായും ഓൺലൈനിലും ഈ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങൾ ഒക്ടോബറിലും സംസ്ഥാന തല മത്സരങ്ങൾ നവംബറിലും പൂർത്തിയാക്കുന്നതാണ്. മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിന് സർ വിശ്വേശ്വരയ്യ ട്രോഫിയും ഇരുപതിനായിരം രൂപ ക്യാഷ് പ്രൈസും രണ്ടാം സ്ഥാനം നേടുന്ന ടീമിന് ഡോക്ടർ K.L. റാവു ട്രോഫിയും പതിനായിരം രൂപ ക്യാഷ് പ്രൈസും പ്രാഥമികതലം മത്സരം മുതൽ വിജയികൾക്ക് വിവിധ സമ്മാനങ്ങളും നൽകുന്നതാണ്. എല്ലാ കാലങ്ങളിലെയും പോലെ പവർ ക്വിസ് 2024 ഉം വിജയകരമായി പൂർത്തിയാക്കുവാനും ലക്ഷ്യം സാക്ഷാത്കരിക്കുവാനും എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊള്ളുന്നു.


**ചെയർമാൻ**
**എം.ജി. മഹേഷ് കുമാർ**
9447976535

**കൺവീനർ**
**പി.ആർ. മനോജ് കുമാർ**
9446929648

**പവർ ക്വിസ്സ് സബ് കമ്മിറ്റി**




SUSTAINABLE ENERGY BRIGHTER FUTURE

www.kseboa.org



Wild Thoughts 0481-2566959